**Malayala Manorama**

**19 August 2018**

**Mala, Water Recedes**



# മാളയിൽ ആശങ്ക മാറുന്നു

ദിവസങ്ങളായി വെള്ളത്തിൽ മുങ്ങിയ മാള മേഖലയിൽ ആശങ്ക നീങ്ങുന്നു കുഴൂർ പഞ്ചായത്തിൽ ഏതാനും പേർ വീടുകളുടെ മുകൾ നിലകളിൽ ഉണ്ട്. എന്നാൽ ഇവിടെ വെള്ളം താഴ്ന്നതിനാൽ ആശങ്ക ഇല്ല. അന്നമനട പഞ്ചായത്തിലും ഇതേ സ്ഥിതിയാണ്. മാള അഷ്ടമിച്ചിറ വിജയഗിരി സ്കൂൾ ഹോസ്റ്റലിലെ വിദ്യാർഥികളെയും ഗോതുരുത്ത്, മൂത്തുകുന്നം, മാല്യങ്കര എന്നിവിടങ്ങളിൽ കുടുങ്ങിക്കിടന്നവരെയും കൊടുങ്ങല്ലൂരിലെ ദുരിതാശ്വാസ ക്യാംപുകളിലെത്തിച്ചു.